*Notice for adjournment motion*

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: ഇവിടെ റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. പക്ഷെ ഈ നോട്ടീസ് ലഭിക്കുമ്പോൾ സഭയിൽ ബജറ്റിനെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നും നാളെയും കൊണ്ടുമാത്രമേ ആ ചർച്ച പൂർത്തിയാകുകയുള്ളൂ. അതിന്മേൽ ഗവൺമെന്റിന്റെ മറുപടിയോടുകൂടിയാണ് ചർച്ച അന്തിമഘട്ടത്തിലെത്തുന്നത്. അതിനുശേഷമാണ് മറ്റ് നടപടിക്രമങ്ങളിലേക്ക് കടക്കുന്നത്. ശ്രീ. കെ. എൻ. ബാലഗോപാലാണ് റൂൾ 50-ക്ക് നോട്ടീസ് നൽകിയത്. അദ്ദേഹം ഉന്നയിച്ച വിഷയങ്ങൾ ഇന്നും നാളെയും നടക്കുന്ന ബജറ്റ് ചർച്ചയിൽ അവതരിപ്പിക്കുന്നതിന് സഭയിൽ നല്ല അവസരം ലഭിക്കും. ഇതുസംബന്ധിച്ച് പഴയ റൂളിങ്ങുകൾ പരിശോധിച്ചപ്പോൾ വർക്കല രാധാകൃഷ്ണന്റെ ഒരു റൂളിങ് ശ്രദ്ധയിൽപ്പെട്ടു. അതായത് സഭയിൽ ബജറ്റിനെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ ഇതുപോലെയുള്ള കാര്യങ്ങൾ റൂൾ 50 പ്രകാരം അനുവദനീയമല്ല എന്ന നിലയിലുള്ള റൂളിങ്ങായിരുന്നു അത്. ആ റൂളിങ് മുഴുവനായും ഞാൻ വായിക്കുന്നില്ല. അതിനാൽ തൽക്കാലം റൂൾ 50 അനുവദിക്കാൻ നിർവാഹമില്ലെന്ന വിവരം അറിയിക്കുന്നു. ഇത് ചെയറിന്റെ റൂളിങ്ങാണ്. അതിനെ ചോദ്യം ചെയ്യുന്നില്ലെങ്കിൽ അതുസംബന്ധിച്ച ചർച്ചയിലേക്ക് പോകേണ്ടതില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ,.......(മൈക്ക് ഓഫ്)...... ഇതുസംബന്ധിച്ച് ഈ സഭയിൽത്തന്നെ അനുഭവങ്ങളുണ്ട്. ബജറ്റിനകത്ത് വന്ന ഒരു റേറ്റിനെ സംബന്ധിച്ച് മാത്രമല്ല, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പുമന്ത്രിക്ക് മുമ്പാകെയാണ് അവതരിപ്പിച്ചത്. കേരളത്തിലാകെ വലിയ തോതിൽ മദ്യം ഒഴുക്കുന്നതിനുവേണ്ടിയിട്ടുള്ള നയപരിപാടികളുടെ ഭാഗമാണ്.........(ബഹളം)......ഓപ്പറേഷൻ തുഫാൻ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന............(ബഹളം)......... എന്തിനാണ് ഭയം......

മി. സ്പീക്കർ: ശ്രീ. കെ. എൻ. ബാലഗോപാൽ...........ഒരു സെക്കന്റ്.........അങ്ങേയ്ക്ക് ഈ റൂളിനെക്കുറിച്ച് കൃത്യമായി അറിയാവുന്നതുകൊണ്ടുമാണ് ഞാൻ ആ റൂളിങ് പ്രത്യേകം എടുത്ത് പറയാത്തത്. മുമ്പ് 18-03-1889-ൽ വർക്കല രാധാകൃഷ്ണൻ സഭയിൽ നടത്തിയ റൂളിങ് എന്റെ കൈയിലുണ്ട്. അങ്ങ് വളരെ പ്രഗല്ഭനായൊരു പാർലമെന്റേറിയനും നേരത്തെ ധനകാര്യ

*Notice for adjournment motion*

വകുപ്പുമന്ത്രിയുമായിരുന്ന ആളാണ്. അങ്ങേയ്ക്ക് ഈ കാര്യങ്ങളൊക്കെ അറിയാവുന്നതുകൊണ്ടാണ് ഞാൻ പരസ്യമായി അക്കാര്യങ്ങൾ ചർച്ച ചെയ്യാത്തത്. പക്ഷെ കീഴ്വഴക്കങ്ങൾ അനുസരിച്ച് അത് അനുവദിക്കാൻ നിവൃത്തിയില്ലെന്നത് അങ്ങയെ ഞാൻ ഒരിക്കൽക്കൂടി അറിയിക്കുകയാണ് (.........ബഹളം)........കീഴ്വഴക്കങ്ങൾ അനുസരിച്ച്..........കേൾക്കൂ.........ദയവായി അതിനെ തർക്ക വിഷയമാക്കരുത്..............ബഹളം)........

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ,.......(മൈക്ക് ഓഫ്)..........

<u>മി. സ്പീക്കർ</u>: ദയവായി അതിനെ ചർച്ചയാക്കരുത്. അങ്ങേയ്ക്ക് വേണമെങ്കിൽ ഈ വിഷയത്തെ സബ്മിഷനായി പിന്നീട് ഏതെങ്കിലും സന്ദർഭത്തിൽ കൊണ്ടുവരാം. റൂൾ 50-ക്ക് മറ്റെന്തെല്ലാം വിഷയങ്ങളുണ്ട് (.........ബഹളം)........ഈ സഭയ്ക്കകത്ത് അംഗങ്ങളായ അങ്ങേയ്ക്കടക്കം ഇതിൽ താൽപര്യമുള്ള ആർക്കും ഈ രണ്ട് ദിവസങ്ങളിലായി നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കാൻ കഴിയും. ആ ചർച്ചയിൽ പങ്കെടുക്കാൻ കഴിയുന്ന രൂപത്തിലേക്ക് നിങ്ങൾക്കും വരാൻ കഴിയും. അതുകൊണ്ട് ഈ കാര്യത്തിൽ ......

പ്രതിപക്ഷനേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം പുതിയ ബജറ്റിന്റെ ഷെഡ്യൂൾ അവതരിപ്പിക്കുമ്പോൾ അതിനകത്ത് ഫിനാൻസ് ബിൽ ഉണ്ടായിരുന്നില്ല. അത് കാണിക്കുന്നത് പുതിയ നികുതി നിർദേശം ആലോചിച്ചിട്ടില്ലെന്നാണ്. പുതിയ നികുതി നിർദേശത്തെക്കുറിച്ച് യാതൊരു ആലോചനയും ഈ ബജറ്റ് തയ്യാറാക്കുമ്പോൾത്തന്നെ ഉണ്ടായിരുന്നില്ലെന്നാണ് വ്യക്തമാകുന്നത്. XXXX+ നിലവിലുള്ള നികുതി 251 ശതമാനമായിരുന്നതിനെയാണ് 120 ശതമാനമാക്കി കുറച്ചത്. 131 ശതമാനത്തിന്റെ കുറവ് വരുത്തിയത് എന്തിനുവേണ്ടിയാണ്; ആർക്കുവേണ്ടിയാണ്; നമ്മുടെ നാട്ടിലുള്ള സാധാരണക്കാരായ ജനങ്ങൾക്ക് ഇതുകൊണ്ട് എന്താണ് ഗുണം? അതിനാൽ നമ്മുടെ നാട്ടിലെ സാധാരണക്കാർക്കോ മനുഷ്യർക്കോ വേണ്ടിയുള്ളതല്ല ഈ വന്നിട്ടുള്ള നിർദേശം. XXXX+

---

\+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ KLS/3597/2026- Asst. (Editing) dt. 24.06.2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

\+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ KLS/3597/2026- Asst. (Editing) dt. 24.06.2026) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

*Notice for adjournment motion*

മി. സ്പീക്കർ: അങ്ങയെപോലെയുള്ള ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിലിടപെടേണ്ടി വരുന്നതിൽ എനിക്ക് വിഷമമുണ്ട്. പക്ഷെ പറയാതിരിക്കാൻ നിവൃത്തിയില്ല. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള സാധ്യത ഒഴിവാക്കിയതിനാൽ അതിന്റെ ഉള്ളടക്കത്തിലേക്ക് പിന്നീട് പോകാൻ കഴിയില്ല. അങ്ങേയ്ക്ക് വാക്കൗട്ട് നടത്തണമെങ്കിൽ അതുസംബന്ധിച്ച് വിവരം പറഞ്ഞുകൊണ്ട് വാക്കൗട്ട് നടത്തുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട ഫയൽ നീക്കം ദ്രുതഗതിയിൽ നടക്കുന്നുവെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് വളരെ ഗുരുതരമായൊരു പ്രശ്നമാണ്. അങ്ങയെപോലുള്ള ഒരു നീതിമാൻ ആ ചെയറിൽ ഇരിക്കുന്ന ഘട്ടത്തിൽ ഇത്തരമൊരു കാര്യം സംഭവിക്കാൻ പാടുണ്ടോയെന്നാണ് നാം ഗൗരവമായി അന്വേഷിക്കേണ്ടത്.......

മി. സ്പീക്കർ: അതുകൊണ്ടാണ് ഞാൻ അങ്ങയിൽനിന്ന് നീതി ചോദിച്ചുകൊണ്ടിരിക്കുന്നത്........

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നാട്ടിൽ സോഫ്റ്റ് ഡ്രിങ്ക് പോലെ മദ്യം സാർവത്രികമാക്കാനാണ് പോകുന്നത്. ഇത് ഗൗരവമായ വിഷയമാണ്......

മി. സ്പീക്കർ: ദയവായി അങ്ങ് കൺക്ലൂഡ് ചെയ്യൂ...... പ്ലീസ്.....പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഇത് അനുവദിക്കാൻ കഴിയില്ല. നമ്മുടെ നാടിന് ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കുന്നൊരു വിഷയമാണിത്. അതാണ് സംഭവിക്കുന്നതെന്ന് നാം കാണണം.......

മി. സ്പീക്കർ: ഇന്നും നാളെയുമായി നടക്കുന്ന ചർച്ചകളിൽ ഇക്കാര്യങ്ങളെക്കുറിച്ച് പറയണമെങ്കിൽ പറയാം. ഏതായാലും ഇത് കൺക്ലൂഡ് ചെയ്യൂ......പ്ലീസ്.......

ശ്രീ. പിണറായി വിജയൻ: സർ, അങ്ങയുടെ റൂളിങ് ആണെങ്കിലും ഇതിനുപിന്നിലുള്ള താൽപര്യം ഗവൺമെന്റിന്റെ നിലപാടാണെന്ന കാര്യം എല്ലാവർക്കും അറിയാം. അതുകൊണ്ട് അങ്ങനെയൊരു നിലപാടിലേക്ക് അങ്ങ് കഠിനമായി നിൽക്കരുതെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഞങ്ങളുടെ..........

*Notice for adjournment motion*

<u>മി. സ്പീക്കർ</u>: ഞാൻ നിയമവും ചട്ടവും കീഴ്വഴക്കങ്ങളും മാത്രമാണ് പറഞ്ഞത്. അതിനേക്കാൾ അപ്പുറത്തേക്ക് ഞാൻ മെറിറ്റിലേക്ക് പോയിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നമ്മുടെ യുവാക്കളെയും വിദ്യാർഥികളെയുമൊക്കെ ലഹരിയിലേക്ക് തള്ളിവിടുന്നൊരു പ്രശ്നമാണിത്. ഇപ്പോൾ ലഹരിയെക്കുറിച്ചും ലഹരിയുടെ ആപത്തിനെക്കുറിച്ചും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതേയുള്ളൂ. ആ ലഹരിയിലേക്ക് ആളുകളെ തള്ളിവിടുന്നതിനുള്ള ഒരു വഴിയായിട്ടാണ് ഇത് വരുന്നത്. അതാണ് നാം ശ്രദ്ധിക്കേണ്ടത്.........

<u>മി. സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.....അങ്ങ് സഹകരിക്കണം. ചെയറുമായി അങ്ങ് സഹകരിക്കണം..... (ബഹളം)...................(ബഹളം)............

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി സഹകരിക്കാൻ സാധാരണ ഗതിയിൽ പ്രയാസമുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.........(ബഹളം)...................(ബഹളം)................... (ബഹളം)............

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഏതായാലും നിങ്ങളുടെ ഒരു പ്രതിഷേധം കഴിഞ്ഞല്ലോ. എത്ര പ്രതിഷേധം നടത്തിയാലും ഞാൻ വാച്ച് ആൻഡ് വാർഡിനെ വിളിക്കുകയില്ല. ബഹുമാനപ്പെട്ട ജനപ്രതിനിധികളാണ് നിങ്ങൾ. ജനങ്ങളുടെ പൂർണ്ണ വിശ്വാസത്തോടെ ജയിച്ചുവന്ന ആളുകളുമാണ് നിങ്ങൾ. അതുകൊണ്ട് നിങ്ങൾ ഇതിനോട് യോജിച്ച് സഹകരിച്ച് പോകുക....... പ്ലീസ്.......പ്ലീസ്.......സഹകരിക്കണം......സഹകരിക്കണം.......പ്ലീസ്............എല്ലാം മനസ്സിലായി. Please resume your seat.........(ബഹളം)...................(ബഹളം)............Please resume your seat........